**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3033

20/6/2014 ൽ
മറുപടിക്ക്

## ഫോക്‌ലോർ അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാന ഫോക്‌ലോർ അക്കാദമി കേരളത്തിലെ നാടൻ കലകളേയും അതിന്റെ വിവിധ വിഭാഗങ്ങളെയും സംരക്ഷിക്കുകയും നാടൻ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ നൽകുന്നതോടൊപ്പം അവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുന്നുണ്ട്. കുട്ടികൾക്ക് നാടൻ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ നാശോന്മുഖമായി കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങളെ രേഖപ്പെടുത്തി സൂക്ഷിക്കുകയും അതിന് പര്യാപ്തമാംവിധം തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഫോക്‌ലോർ മ്യൂസിയം, ഫോക്‌ലോർ വില്ലേജുകൾ എന്നിവ സജ്ജമാക്കുകയുമാണ് അക്കാദമിയുടെ ലക്ഷ്യങ്ങൾ. |
| (ബി) നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് രാജ്യങ്ങളിൽ കലാമേളകൾ അക്കാദമിയുടെ കീഴിൽ നടത്താറുണ്ടോ ;<br>(സി) ഇല്ലെങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും: ഉണ്ട്. വിദേശ രാജ്യങ്ങളിലുള്ള സന്നദ്ധ സംഘടനകളുമായി ചേർന്ന് നാടൻ കലാമേളകൾ സംഘടിപ്പിക്കാറുണ്ട്. ബഹ്റിൻ, ഒമാൻ എന്നീ രാജ്യങ്ങളിൽ നാടൻമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ